# കാലിക്കറ്റ് സർവ്വകലാശാല

## ഡയറക്ടറേറ്റ് ഓഫ് അഡ്മിഷൻ

## പത്രക്കുറിപ്പ്

2017-2018 വർഷത്തേക്കുള്ള ബിരുദ പ്രവേശനത്തോടനുബന്ധിച്ചുള്ള മൂന്നാമത്തെ അലോട്ട്മെന്റ് 24.06.2017 രാവിലെ 10.00 മണിമുതൽ ലഭ്യമാകുന്നതാണ്.

അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ, താഴെ പ്രതിപാദിച്ചിട്ടുള്ള മാൻഡേറ്ററിഫീസ് അടച്ച് അലോട്ട്മെന്റ് ഉറപ്പാക്കേണ്ടതാണ്. മുൻപ് അലോട്ട്മെന്റ് ലഭിച്ച് മാൻഡേറ്ററി ഫീസ് അടച്ചവർ വീണ്ടും മാൻഡേറ്ററിഫീസ് അടക്കേണ്ടതില്ല.

1. ജനറൽ വിഭാഗം 425/- രൂപ
2. എസ് സി/ എസ് ടി 100/- രൂപ

മാൻഡേറ്ററിഫീസ് അടയ്ക്കുന്നതിനുള്ള ലിങ്ക് (https://www.uoc.ac.in-UGSW2017-UGCAP 2017 MANDATORY FEE FOR THIRD ALLOTMENT) 24.06.2017 രാവിലെ 11.00 മണിമുതൽ 29.06.2017 വരെ ലഭ്യമാകുന്നതാണ്.

1, 2, 3 അലോട്ട്മെന്റ് ലഭിച്ച എല്ലാ വിദ്യാർത്ഥികളും നിർബന്ധമായും സ്ഥിരം/താൽക്കാലിക അഡ്മിഷനുവേണ്ടി 29.06.2017 നുള്ളിൽ അതത് കോളേജിൽ റിപ്പോർട്ട് ചെയ്യണം.

ഒന്നാമത്തെ ഓപ്ഷൻ ലഭിച്ചവരും, ലഭിച്ച ഓപ്ഷനിൽ തൃപ്തരായവരും **അഡ്മിറ്റ് കാർഡ്** എടുത്ത് 29-06-2017 നുള്ളിൽ എല്ലാ അസൽ രേഖകളും സഹിതം കോളേജിൽ സ്ഥിരം അഡ്മിഷൻ എടുക്കണം. ലഭിച്ച ഓപ്ഷനിൽ തൃപ്തരായ വിദ്യാർത്ഥികൾക്ക് അഡ്മിറ്റ് കാർഡ് ലഭിക്കുന്നതിന് എല്ലാ ഹയർ ഓപ്ഷനുകളും റദ്ദ് ചെയ്യേണ്ടതാണ്.

അലോട്ട്മെന്റ് ലഭിച്ച മാൻഡേറ്ററി ഫീസ് അടച്ച ഹയർ ഓപ്ഷൻ നിലനിർത്തിയിരിക്കുന്ന വിദ്യാർഥികൾ **അലോട്ട്മെന്റ് കാർഡ്** എടുത്ത് 29-06-2017 നുള്ളിൽ കോളേജിൽ റിപ്പോർട്ട് ചെയ്ത് താൽക്കാലിക പ്രവേശനം നേടണം. താൽക്കാലിക അഡ്മിഷൻ നേടുന്നവർ പരിശോധനക്കായി സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ടതുണ്ടെങ്കിലും കോളേജിൽ സമർപ്പിക്കേണ്ടതില്ല. കൂടാതെ യാതൊരുവിധ ഫീസും അടക്കേണ്ടതില്ല.

ലഭിച്ച ഓപ്ഷനിൽ തൃപ്തരായ വിദ്യാർത്ഥികൾ ഹയർ ഓപ്ഷനുകൾക്ക് പരിഗണിക്കേണ്ടതില്ലെങ്കിൽ നിർബന്ധമായും ഹയർ ഓപ്ഷൻ റദ്ദ് ചെയ്യേണ്ടതാണ്. ഹയർ ഓപ്ഷനുകൾ നിലനിർത്തുന്ന പക്ഷം പ്രസ്തുത ഹയർ ഓപ്ഷനുകളിൽ ഏതെങ്കിലും ഒന്നിലേക്ക് തുടർന്ന് അലോട്ട്മെന്റ് ലഭിച്ചാൽ ആയത് നിർബന്ധമായും സ്വീകരിക്കേണ്ടതാണ്. ഇതോടെ മുമ്പ് ലഭിച്ചിരുന്ന അലോട്ട്മെന്റ് നഷ്ടപ്പെടുന്നതും അത് യാതൊരു കാരണവശാലും പുനഃസ്ഥാപിച്ച് നൽകുന്നതുമല്ല.

എല്ലാ ഹയർ ഓപ്ഷനുകളും റദ്ദാക്കാൻ നോഡൽ സെന്ററുകൾ മുഖാന്തരമേ സാധ്യമാവുകയുള്ളൂ. ഹയർ ഓപ്ഷനുകൾ ഭാഗികമായി റദ്ദാക്കുന്നതിന് വിദ്യാർത്ഥികൾ സ്വന്തം ലോഗിൻ വിവരങ്ങൾ ഉപയോഗിച്ച് ലോഗിൻ ചെയ്തതിന് ശേഷം ആവശ്യമില്ലാത്ത ഓപ്ഷനുകൾ റദ്ദാക്കാവുന്നതാണ്.

വിഭിന്നശേഷി വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്കുള്ള അലോട്ട്മെന്റും ഇതോടൊപ്പം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഡയറക്ടർ

C.U. Campus
23.06.2017